# INDIAN SCHOOL AL WADI AL KABIR

## Final Examination 2023-24

### Malayalam (012)

Date: 22/02/2024 — Time Allowed :3 hours

Class: IX — Maximum Marks: 80

*General Instructions:*

1. Please check that this question paper contains 9 questions and 9 printed pages.
2. This question paper is divided into two sections:

   Section A - Reading Comprehension, Vocabulary Building & M.C.Q – 40 Marks

   Section B - Grammar, Composition, Literature (Prose, Poetry & Non-detailed) - 40 Marks.

## SECTION – A / എ വിഭാഗം

1. **താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) ( 8 X 1=8 )**

പേരറിയാത്തൊരു പെൺകിടാവേ, നിന്റെ
നേരറിയുന്നു ഞാൻ പാടുന്നു.
കോതമ്പക്കതിരിന്റെ നിറമാണ്;
പേടിച്ച പേടമാൻ മിഴിയാണ്.
കയ്യിൽ വളയില്ല, കാലിൽ കൊലുസ്സില്ല,
മെയ്യിലലങ്കാരമൊന്നുമില്ല;
ഏറുന്ന യൗവനം മാടി മറയ്ക്കുവാൻ
കീറിത്തുടങ്ങിയ ചേലയാണ്!
ഗൗരിയോ ലക്ഷ്മിയോ സീതയോ രാധയോ
പേരെന്തു തന്നെ വിളിച്ചാലും,
നീയെന്നും നീയാണ്; കോതമ്പു പാടത്ത്
നീർ പെയ്തു പോകും മുകിലാണ് !
കത്തും വറളി പോൽ ചുട്ടുപഴുത്തൊരാ
കുഗ്രാമ ഭൂവിൻ കുളിരാണ് !

ആരെയോ പ്രാകി മടയ്ക്കുമൊരമ്മയ്ക്ക്
കൂരയിൽ നീയൊരു കൂട്ടാണ്.
ആരാന്റെ കല്ലിന്മേൽ രാകിയഴിയുന്നൊ-
രച്ഛന്റെ ആശ തൻ കൂടാണ്.
താഴെയുള്ളിത്തിരിപ്പോന്ന കിടാങ്ങൾക്ക്
താങ്ങാണ്, താരാട്ടു  പാട്ടാണ് !

**<u>ചോദ്യങ്ങൾ</u>**

(a) പേരറിയാത്ത പെൺകിടാവിന് എന്ത് നിറമാണെന്നാണ് കവി പറയുന്നത് ?

(b) എങ്ങനെയുള്ള മിഴിയാണ് പെൺകുട്ടിക്ക് ഉള്ളത് ?

(c) പെൺകുട്ടിയുടെ ചേല എങ്ങനെയുള്ളതാണ് ?

(d) പേരറിയാത്ത പെൺകിടാവിന് എന്തൊക്കെ പേരുകളാണ് കവി നൽകുന്നത് ?

(e) കത്തും വറളി പോൽ ചുട്ടുപഴുത്തത് എന്താണ് ?

(f) ആർക്കാണ് പെൺകുട്ടി കൂരയിൽ കൂട്ടാകുന്നത് ?

(g) ആരാന്റെ കല്ലിന്മേൽ രാകിയഴിയുന്നത് ആരാണ് ?

(h) ആർക്കാണ് പെൺകുട്ടി താങ്ങും താരാട്ടു പാട്ടും ആകുന്നത് ?

2. **താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം)   ( 7 X 1=7 )**

അങ്ങേലെ മൂപ്പീന്നു ചത്തോടീ
നമ്മളും പോയൊന്നറിയേണ്ടേ?
ചാക്കാല ചൊല്ലുവാൻ വന്നവനു
കാപ്പിയും കാശും കൊടുത്തോടീ ?
കാര്യങ്ങളെന്തൊക്കെയായാലും
നാലുപേർ കൂടുന്ന കാര്യമല്ലേ
കോടിയിടേണം പുകല വേണം
കാണിക്കാൻ കണ്ണുനീരിറ്റു വേണം
വെറ്റില തിന്നു ചവച്ചു തുപ്പി
കൂട്ടത്തിൽ കൂടണം നന്മ ചൊല്ലാൻ.
ഭാഗ്യവാനെന്നേ പറയാവൂ

യോഗ്യതയുച്ചത്തിലോർക്കേണം
ചാവിന്നു ബന്ധുത്വമേറുമല്ലോ
ചാവാതിരിക്കുമ്പോളെന്തുമാട്ടെ.
എലിമുള്ളു കൊണ്ടാവഴിയടച്ചു
എലുകക്കല്ലൊക്കെ പിഴുതു മാറ്റി
അതിരിലെ പ്ലാവിന്റെ ചോടു മാന്തി
വേരറ്റു വീണപ്പോൾ തർക്കമാക്കി.
എങ്കിലുമങ്ങേരു ചത്തല്ലോ
എന്തൊക്കെയായാലും രക്തബന്ധം!

<u>**ചോദ്യങ്ങൾ**</u>

(a) ചാക്കാല ചൊല്ലുവാൻ വന്നവന് എന്ത് കൊടുത്തോ എന്നാണ് ചോദിക്കുന്നത് ?

(b) വെറ്റില തിന്നു ചവച്ച് തുപ്പി കൂട്ടത്തിൽ കൂടുന്നത് എന്തിനാണ് ?

(c) ഉച്ചത്തിൽ ഓർക്കേണ്ടത് എന്താണ് ?

(d) ബന്ധുത്വം ഏറുന്നത് എന്തിനാണ് ?

(e) എന്തുപയോഗിച്ചാണ് വഴി അടച്ചത് ?

(f) പിഴുതു മാറ്റിയത് എന്ത് ?

(g) എവിടെ നിന്ന പ്ലാവിന്റെ ചോടാണ് മാന്തിയത് ?

**3. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (7 X 1=7)**

(a) തേന്മാവ് എന്നർത്ഥം വരുന്ന പദം ഏത് ?

(a) കേദാരം (b) മാകന്ദം
(c) കേശം (d) കേരം

(b) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക.

(a) പ്രബതാംശു (b) പ്രഭതാംശു
(c) പ്രഭാതാംശു (d) പ്രബാതാംശു

(c) ആചാരം എന്ന വാക്കിന്റെ വിപരീതപദം ഏത് ?

(a) അത്യാചാരം (b) സദാചാരം
(c) ആചരണം (d) അനാചാരം

(d) വില എന്നതിന്റെ നാനാർത്ഥപദങ്ങൾ ഏത് ?

(a) മൂല്യം, മതിപ്പ് (b) ഉണർവ്, വഞ്ചന

(c) ശരീരം, മേന്മ (d) ഇരുട്ട്, ദുഃഖം

(e) തത്ത എന്ന പദത്തിന്റെ ശരിയായ പര്യായപദങ്ങൾ ഏവ ?

(a) ശ്വാവ്, ശ്വാനൻ (b) വൃഷം, ഭദ്രം

(c) ശുകം, ശാരിക (d) ഇനൻ, ശകലി

(f) സ്നേഹിതൻ എന്ന പദത്തിന്റെ എതിർലിംഗം എന്താണ് ?

(a) സ്നേഹിതി (b) സ്നേഹിത

(c) സ്നേഹതി (d) സ്നേഹവതി

(g) ഇരുട്ട് എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഏത് ?

(a) ധ്വാന്തം (b) തമസ്സ്

(c) താരകം (d) അന്ധകാരം

(h) ഈശ്വരസൃഷ്ടി എന്നതിന്റെ ശരിയായ വിഗ്രഹരൂപം ഏത് ?

(a) ഈശ്വരന്റെ സൃഷ്ടി (b) ഈശ്വരനാകുന്ന സൃഷ്ടി

(c) ഈശ്വരനോടുള്ള സൃഷ്ടി (d) ഈശ്വരനും സൃഷ്ടിയും

(i) എല്ലാമെല്ലാം എന്ന പദം പിരിച്ചെഴുതുന്നത് എങ്ങനെ ?

(a) എല്ലാമെ + എല്ലാം (b) എല്ലാം + മെല്ലാം

(c) എല്ലാം + അല്ലാം (d) എല്ലാം + എല്ലാം

(j) മൊഴി - മിഴി എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എന്ത് ?

(a) ശാഖ - കൂട്ടം (b) രൂപം - സമയം

(c) വാക്ക് - കണ്ണ് (d) രശ്മി - ഭാഗം

**4. തന്നിരിക്കുന്ന 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 2 മാർക്ക് വീതം) (9 X 2=18)**

(a) "പിന്നത്തെ വസന്തത്തോടുമർത്ഥിക്കയായ് "

(i) ആരാണ് വസന്തത്തോട് അർത്ഥിക്കുന്നത് ?

(a) ഉണ്ണികൾ (b) അണ്ണാറക്കണ്ണന്മാർ

(c) തേന്മാവ് (d) കാക്കകൾ

(ii) വസന്തത്തോട് അർത്ഥിക്കുന്നത് എന്താണ് ?

(a) സഫലജന്മം (b) മാണിക്യരത്നം

(c) വേനൽക്കാലം (d) ഉരുളൻ കല്ലുകൾ

(b) "പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ "

(i) ആരുടെ കരൾക്കാമ്പിലാണ് പുണ്ണുകൾ പടർന്നിട്ടുള്ളത് ?

(a) കവിയുടെ (b) വഴിയാത്രക്കാരന്റെ

(c) പഥികന്റെ (d) കാളവണ്ടിക്കാരന്റെ

(ii) കരൾക്കാമ്പിൽ പുണ്ണുകൾ പടരാൻ കാരണമെന്ത് ?

(a) മന്നിന്റെ പ്രഹരത്താൽ (b) ദുർവിധി കുടിച്ചതിനാൽ

(c) നുകം പേറിയതിനാൽ (d) കരാളമായ പാതകൾ താണ്ടിയതിനാൽ

(c) "അപ്പോൾ അയാളുടെ കൈവശം ജീവിതഭദ്രത നൽകുന്നതായി രണ്ട് അനുഗ്രഹങ്ങൾ ഉണ്ടായിരുന്നു."

(i) ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

(a) രംഗോപാൽമിശ്ര (b) ദാമോദർ ഗാവുങ്കർ

(c) കർത്താർസിങ് (d) സ്റ്റേഷൻ മാസ്റ്റർ

(ii) ജീവിതഭദ്രത നൽകുന്ന ആ അനുഗ്രഹങ്ങൾ എന്തൊക്കെയായിരുന്നു ?

(a) പണവും പുസ്തകങ്ങളും

(b) സമ്പത്തും പതറാത്ത മനസ്സും

(c) ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും

(d) സമ്പത്തും അധികാരവും

(d) "കണ്ണനെ കാൺമതിനായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണയം ഞാൻ"

(i) കണ്ണനെ കാണുന്നതിനായി പോകുന്നതാരാണ് ?

(a) നന്ദഗോപർ (b) ശ്രീകൃഷ്ണൻ

(c) കംസൻ (d) അക്രൂരൻ

(ii) കണ്ണനെ കാണാൻ എവിടേക്കാണ് പോകുന്നത് ?

(a) മഥുരയിലേക്ക് (b) ദ്വാരകയിലേക്ക്

(c) അയോധ്യയിലേക്ക് (d) അമ്പാടിയിലേക്ക്

(e) “ധൂർത്താചാരങ്ങളെ സാമാന്യ നിലയിലേക്ക് ഇറക്കി കൊണ്ടുവരണം”

(i) ധൂർത്താചാരങ്ങളെ സാമാന്യ നിലയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിയുന്നത് ആർക്കാണ് ?

(a) സർക്കാരിന് (b) സാധാരണക്കാർക്ക്

(c) രാഷ്ട്രീയക്കാർക്ക് (d) സമുദായ സ്ഥാപനങ്ങൾക്ക്

(ii) ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെ നിരോധിച്ചത് ആരാണ് ?

(a) ശ്രീനാരായണഗുരു (b) ചട്ടമ്പിസ്വാമികൾ

(c) അയ്യങ്കാളി (d) ശങ്കരാചാര്യർ

(f) “ഉഡുപംക്തിയെ കൊണ്ടിരുട്ടു തൽക്കാലമകറ്റിയീശൻ”

(i) ഉഡുപംക്തിയെ കൊണ്ട് ഇരുട്ട് അകറ്റുന്നത് എപ്പോഴാണ് ?

(a) സൂര്യൻ ഉദിക്കുമ്പോൾ (b) നക്ഷത്രങ്ങൾ തെളിയുമ്പോൾ

(c) ഇനൻ പൊലിയുമ്പോൾ (d) ചന്ദ്രൻ മറയുമ്പോൾ

(ii) ‘വിശ്വം ദീപമയം’ എന്ന കവിത എഴുതിയതാര് ?

(a) ഇടശ്ശേരി (b) ഉള്ളൂർ

(c) പി. ഭാസ്കരൻ (d) വയലാർ

(g) “ആ രണ്ട് അക്ഷരങ്ങളിൽ മാനവികതയുടെ ആത്മാവ് നിറഞ്ഞു നിൽക്കുന്നു”

(i) ഏത് രണ്ടക്ഷരങ്ങളിലാണ് മാനവികതയുടെ ആത്മാവ് നിറഞ്ഞു നിൽക്കുന്നത് ?

(a) വിദ്യ (b) ദയ

(c) അമ്മ (d) നന്മ

(ii) ‘മരണമെന്ന വാതിലിനപ്പുറം’ എന്ന കൃതി എഴുതിയതാര് ?

(a) നിത്യചൈതന്യയതി (b) സക്കറിയ

(c) എം. എൻ. വിജയൻ (d) എം. പി. പോൾ

(h) “സ്വച്ഛ നിദ്രയിൽ മുങ്ങി പഥികർ ശയിക്കുമ്പോൾ”

(i) എവിടെയാണ് പഥികർ ശയിക്കുന്നത് ?

(a) വിഷക്കാവിൽ (b) പേരാലിൻ ചുവട്ടിൽ

(c) കാഞ്ഞിരമരത്തോപ്പിൽ (d) പഞ്ഞക്കുടിലിൽ

(ii) ‘കാളകൾ’ എന്ന കവിത ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(a) ഓടക്കുഴലും ലാത്തിയും | (b) രണഭേരി

(c) ഓർക്കുക വല്ലപ്പോഴും | (d) കായൽക്കാറ്റ്

(i) “ഇത്രയും ഹൃദയഹാരിയായ കാഴ്ച ഗഗന സഞ്ചാരികളായ മാലാഖമാർ മാത്രമേ കണ്ടിട്ടുണ്ടാവുകയുള്ളൂ”

(i) ഏത് കാഴ്ചയെക്കുറിച്ചാണ് ഇവിടെ പറയുന്നത് ?

(a) സാംബസി നദി | (b) നയാഗ്രാ വെള്ളച്ചാട്ടം

(c) വിക്ടോറിയാ വെള്ളച്ചാട്ടം | (d) ആഫ്രിക്കൻ കാടുകൾ

(ii) ആരാണ് ഇങ്ങനെ അഭിപ്രായപ്പെട്ടത് ?

(a) ഡേവിഡ് ലിവിങ്സ്റ്റൺ | (b) എസ്. കെ. പൊറ്റെക്കാട്ട്

(c) ഇമ്മാനുവൽ കാന്റ് | (d) വാഷിങ്ടൺ

(j) “ദീനനായി നിന്നൊരു ഞാനായ പൂവിൽ നിന്നാനന്ദമാടിക്കളിക്കുമോ താൻ”

(i) ‘ദീനനായി നിന്നൊരു ഞാനായ പൂവ് ’ എന്ന് വിശേഷിപ്പിച്ചിരിക്കുന്നതാരെ ?

(a) കംസനെ | (b) അക്രൂരനെ

(c) നന്ദകുമാരനെ | (d) മാമുനിമാരെ

(ii) താഴെ തന്നിരിക്കുന്നതിൽ ചെറുശ്ശേരിയുടെ കൃതി ഏത് ?

(a) ജ്ഞാനപ്പാന | (b) ഹരിനാമകീർത്തനം

(c) കൃഷ്ണഗാഥ | (d) ചിന്താരത്നം

## SECTION – B / ബി വിഭാഗം

**5. (a) പ്രയോഗം മാറ്റുക. (2 X 1=2)**

(i) മന്ത്രി യാത്ര കാൻസൽ ചെയ്തു .

(ii) പൊറ്റെക്കാട്ട് ഏതാണ്ട് ഇതേ അനുഭവം വിവരിക്കുന്നുണ്ട്.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. (2 X 1=2)**

(i) എന്നാൽ വെള്ളച്ചാട്ടത്തിന് കുറെ പിന്നിൽ ബോട്സ്വാന അവസാനിക്കുന്നതിനാൽ വെള്ളച്ചാട്ടത്തെ പങ്കുവയ്ക്കുന്നത് സിംബാവെയും സാംബിയയും മാത്രമാണ്.

(ii) എന്നെ ഊണിന് കൊണ്ടുചെല്ലാമെന്ന് പറഞ്ഞതുകൊണ്ട് അമ്മ വിഭവസമൃദ്ധമായ അത്താഴം ശരിയാക്കി വച്ചിരുന്നു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **(2 X 1=2)**

(i) പാവങ്ങളുടെ മോഹങ്ങളെയും ആഗ്രഹങ്ങളെയും അറിവിലേക്കും വ്യവസായത്തിലേക്കും ഗുരു തിരിച്ചുവിട്ടു.

(ii) വെയിറ്റർ എല്ലാ സാധനങ്ങളും ഭദ്രമായും സുരക്ഷിതമായും യതിയെ തിരിച്ചേൽപ്പിച്ചു.

**(d) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക.** **(2 X 1=2)**

(i) മറഞ്ഞുപോവുക (ii) ജീവരക്ഷാർത്ഥം (iii) കുതിച്ചുപായുക

**6. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **( 5 )**

(i) സമാധാനവും ആയുധനിരോധനവും

(ii) വിദ്യാർത്ഥികളും സാമൂഹികകടമകളും

(b) നിങ്ങളുടെ പട്ടണത്തിൽ വർദ്ധിച്ചു വരുന്ന തെരുവുനായശല്യം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കോർപ്പറേഷൻ മേയർക്ക് ഒരു കത്ത് തയ്യാറാക്കുക. **( 5 )**

(c) നിങ്ങളുടെ വിദ്യാലയ പരിസരത്ത് പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതെ കിടന്ന റോഡ് പൊതുജനങ്ങളുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കി തീർത്തു. ഇതിനെ അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. **( 4 )**

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)** **(2X 3=6)**

(i) ''ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടി കൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു '' ആശയം വിശദമാക്കുക.

(ii) ലോകം തവിടുപൊടിയായി പോയെന്ന് ലേഖകന് തോന്നിയത് എപ്പോൾ ?

(iii) ''ഞാൻ നമ്മുടെ കാവേരി കാര്യങ്ങൾ ഓർത്തു, മറന്നു കളഞ്ഞു'' സന്ദർഭമെഴുതി വിശദീകരിക്കുക.

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (2X 3=6)**

(i) ''സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റാ-
രനധ്യായം പഠിപ്പിച്ചിതതിനെച്ചൂണ്ടി ''- ഈ വരികളിൽ തെളിയുന്ന ആശയമെന്ത് ?

(ii) '' ആഴം പൂണ്ടീടുന്നോരാമോദം തന്നാലേ
പൂഴിയിൽ വീണു പുരണ്ടാൻ ചെമ്മേ '' അക്രൂരന്റെ മാനസികാവസ്ഥ വ്യക്തമാക്കാൻ ഈ വരികൾ എത്രമാത്രം പര്യാപ്തമാണ് ?

(iii) ''തൻ സൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ
സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ '' ഏതിന് ?

**9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (2X 3=6)**

(i) പിതാവിന്റെ അപ്രതീക്ഷിത മരണം നരേന്ദ്രന്റെ ജീവിതത്തെ ബാധിച്ചത് എങ്ങനെ ?

(ii) “ബാല്യത്തിൽത്തന്നെ ധ്യാനത്തിൽ ലയിച്ചു പരിസരം മറന്നിരിക്കുക ബിലെയുടെ രീതിയായിരുന്നു ” സമർത്ഥിക്കുക.

(iii) നരേന്ദ്രൻ അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ടിരുന്നില്ല എന്ന് തെളിയിക്കുന്ന ബാല്യത്തിലെ ഒരു സംഭവമെഴുതുക.

***